# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## പതിനാറാമത് റിപ്പോർട്ട്

**(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള (2011 ഒക്ടോബർ 20 മുതൽ 2014 മേയ് 30 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023-2026)

## പതിനാറാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ടിന്മേലുള്ള (2011 ഒക്ടോബർ 20 മുതൽ 2014 മേയ് 30 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ/അധികവിവരം | .. | |
| അനുബന്ധം | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26)യുടെ ചെയർപേഴ്സണായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)- യുടെ ഏഴാമത് റിപ്പോർട്ട് (2011 ഒക്ടോബർ 20 മുതൽ 2014 മെയ് 30 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ച തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി..3..

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014-2016)യുടെ ഏഴാമത് റിപ്പോർട്ട് (2011 ഒക്ടോബർ 20 മുതൽ 2014 മേയ് 30 വരെ സമിതി പരിഗണിച്ച ഹർജികൾ സംബന്ധിച്ച ജനറൽ റിപ്പോർട്ട്) 2014 ഡിസംബർ 16-ാം തീയതി സഭയിൽ സമർപ്പിച്ചു.

സമിതിയ്ക്ക് ലഭിച്ച പരാതികളുടെയും സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും ജില്ലാ ആസ്ഥാന യോഗങ്ങളിൽ നടത്തിയ തെളിവെടുപ്പുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ടിൽ 11 ശിപാർശകൾ ഉണ്ടായിരുന്നു. പ്രസ്തുത ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഏഴാമത് റിപ്പോർട്ടിന്റെ പകർപ്പുകൾ 29.05.2015 ന് വിവിധ വകുപ്പുകളിലേയ്ക്ക് അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി (2014-2016) യുടെ ഏഴാമത് റിപ്പോർട്ടിലെ ശിപാർശകളും, അവയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

രണ്ടാം ഭാഗത്തിൽ സർക്കാരിൽ നിന്ന് നടപടി സ്റ്റേറ്റ്മെൻറ് ലഭിക്കാത്ത ശിപാർശയും അധികവിവരങ്ങളും ബന്ധപ്പെട്ട വകുപ്പിന്റെ പേരും ഉൾപ്പെടുത്തിയിരിക്കുന്നു.

## ഭാഗം – I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

| ക്രമനം. | ഖണ്ഡിക നം. | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 18 | ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുള്ള കോർപ്പസ് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചു വരുന്ന മാർഗങ്ങൾക്ക് പരിമിതി ഉള്ളതിനാൽ ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള ഇതര മാർഗങ്ങൾ കണ്ടെത്തി അർഹരായ എല്ലാ വികലാംഗർക്കും ചികിത്സാധനസഹായം ലഭ്യമാക്കത്തക്ക വിധത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഫണ്ട് വർദ്ധിപ്പിക്കണമെന്നും ചികിത്സാധനസഹായം ലഭിക്കുന്നതിനുള്ള അർഹതയ്ക്കുള്ള വരുമാനപരിധി ഉയർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി(ബി)വകുപ്പ് 27.06.2023-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>24.01.1995-ലെ G.O.(Ms) No. 4/95/SWD നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരുടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സയ്ക്കായി 1995-ൽ ഒരു കോടി രൂപ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ച് കൊണ്ട് സർക്കാർ കോർപ്പസ് ഫണ്ട് (വികലാംഗ ദുരിതാശ്വാസ നിധി) ആരംഭിച്ചു.<br><br>30.03.2013 G.O.(Rt) No. 156/2013/SWD നമ്പർ ഉത്തരവ് പ്രകാരം വികലാംഗ ദുരിതാശ്വാസ നിധിയുടെ സഞ്ചിത നിധിയിലേയ്ക്ക് 1,55,59,000/-രൂപ കൂടി നിക്ഷേപിച്ചിട്ടുണ്ട്.<br><br>നിലവിൽ കോർപ്പസ് ഫണ്ടിൽ ഏകദേശം 2,55,59,000/- രൂപ നിക്ഷേപമുണ്ട്. ടി തുകയിൽ നിന്നുള്ള പലിശ ഉപയോഗിച്ചാണ് വർഷം തോറും ധനസഹായം അനുവദിച്ച് വരുന്നത്.<br><br>നടപ്പ് വർഷം പദ്ധതിക്കായി STSB A/c No.701011400000332-ൽ നിലവിൽ 69,79,917/- രൂപ പലിശയിനത്തിൽ നീക്കിയിരുപ്പുണ്ട്. ടി തുകയിൽ നിന്നും ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ചികിത്സാ ധനസഹായം ലഭിക്കുന്നതിന് നിലവിലുള്ള വരുമാന പരിധി ഗ്രാമ പ്രദേശങ്ങളിൽ 20,000/- രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 22,375/-രൂപയിൽ താഴെയുമാണ്.<br><br>വരുമാന പരിധി ഉയർത്തുന്ന വിഷയം തത്ക്കാലം പരിഗണനയിലില്ല.<br>**(19.10.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 2. | 19 | 01.08.1994-നും 31.12.1996-നും ഇടയ്ക്ക് സ്ഥിരനിയമനത്തിന് അർഹത ലഭിക്കാൻ ആവശ്യമായ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലികമായി ജോലി ചെയ്തിരുന്ന എല്ലാ വികലാംഗർക്കും സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി(ബി)വകുപ്പ് 27.06.2023-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ച ഇടക്കാല റിപ്പോർട്ട്.</u>**<br>01.08.1994-നും 31.12.1996-നും മധ്യേ കാലയളവിൽ എംപ്ലോയെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനം അനുഷ്ഠിച്ച 150 ഓളം ഭിന്നശേഷിക്കാർക്ക് 18.05.2013-ലെ സ.ഉ.(പി)40/13/സാ.നീ.വ., 17.01.2014-ലെ സ.ഉ.(പി) 3/14/സാനിവ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി 18.05.2013-ലെ സ.ഉ.(പി) 40/13/സാ.നീ.വ. ഉത്തരവു പ്രകാരം 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ ഇതുവരെ നികത്തപ്പെടാത്ത ഒഴിവുകളിൽ ഉൾപ്പെടുത്തി പുനർനിയമനം നൽകുന്നതിന് 24.08.2015-ലെ സ.ഉ.(പി) 51/15/സാ.നീ.വ. പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ട്. 2,677 സൂപ്പർന്യൂമററി സൃഷ്ടിച്ചതിൽ 2185 തസ്തികകളിലാണ് നിലവിൽ നിയമനം നടന്നിട്ടുള്ളത്.<br>**(19.10.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>**<u>സാമൂഹ്യനീതി(ബി)വകുപ്പ് 28.05.2024-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ച അന്തിമ റിപ്പോർട്ട്.</u>**<br>സാർക്ക് വികലാംഗ വർഷം പ്രമാണിച്ച് 1-1-1993 മുതൽ 31-7-1994 വരെയും സ്വാതന്ത്ര്യത്തിന്റെ |

| | | | |
|---|---|---|---|
| | 20 | | സുവർണ്ണജൂബിലി പ്രമാണിച്ച് 1-1-1997 മുതൽ 14-8-1998 വരെയും തുടർന്ന് 15-8-1998 മുതൽ 16-8-1999 വരെയും 16-8-1999 മുതൽ 31-12-2003 വരെയുമുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതർക്ക് സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ 1-8-1994 മുതൽ 31-12-1996 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം ലഭിച്ച അംഗപരിമിതർക്ക് ഇപ്രകാരം സ്ഥിരനിയമനം ലഭിച്ചിട്ടില്ല. 01/08/94 നും 31/12/96 നും മധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക സേവനം അനുഷ്ഠിച്ച അംഗപരിമിതർക്ക് സ്ഥിരനിയമനം നൽകുന്നതിലേക്കായി ഇവരുടെ ലിസ്റ്റ് ലഭ്യമാക്കാൻ എംപ്ലോയ്മെന്റ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ലഭ്യമാക്കി 16/08/1999 മുതൽ 31/12/2003 വരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 179 ദിവസം പൂർത്തിയാക്കിയിട്ടുള്ള അംഗ പരിമിതർക്ക് പുനർ /റഗുലർ നിയമനം നൽകുന്നതിലേക്കായി 18/05/2013-ലെ ജി.ഒ(പി) 40/2013 ഉത്തരവ് പ്രകാരം സൃഷ്ടിച്ച 2677 സൂപ്പർ ന്യൂമററി തസ്തികകളിൽ ഉൾപ്പെടുത്തി നിയമനം നൽകുന്ന കാര്യം പരിശോധിച്ച് സമിതിക്ക് അന്തിമ റിപ്പോർട്ട് നൽകുന്നതാണ്.<br>**(09.04.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 3. | 20 | 16.08.1999 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക അധ്യാപകരായി ജോലി ചെയ്യുകയും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ 179 ദിവസത്തെ സേവനം പൂർത്തിയാക്കാൻ സാധിക്കാത്തവരുമായ എല്ലാ അംഗപരിമിതർക്കും സർക്കാർ സർവ്വീസിൽ സ്ഥിരനിയമനം നൽകണമെന്ന് | **സാമൂഹ്യനീതി(ബി)വകുപ്പ് 27.06.2023-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ച ഇടക്കാല റിപ്പോർട്ട്.**<br>18.05.2013-ലെ സ.ഉ.(പി) 40/13/സാ.നീ.വ. ഉത്തരവ് പ്രകാരം 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചതിൽ പുനർനിയമനം ലഭിച്ചവർക്ക് സ്ഥിരനിയമനം നൽകുന്ന വിഷയം പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | സമിതി ശിപാർശ ചെയ്യുന്നു. | **(19.10.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>സാമൂഹ്യനീതി(ബി)വകുപ്പ്</u>**<br>**<u>28.05.2024-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ച അന്തിമ റിപ്പോർട്ട്.</u>**<br>സൂപ്പർന്യൂമററി തസ്തികയിൽ നിയമിതരായ ഭിന്നശേഷിക്കാർക്ക് സ്ഥിരം ജീവനക്കാർക്കുള്ള ആനുകൂല്യങ്ങളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന വിഷയം ബി1/301/2021/സാ.നീ.വ. നമ്പർ ഫയലിൽ വിശദമായി പരിശോധിച്ചിരുന്നു. പ്രസ്തുത ഫയലിൽ "സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരാകുന്നവർക്ക് പുതിയ ആനുകൂല്യങ്ങൾ അനുവദിക്കാനാകില്ലെന്ന് ധനകാര്യവകുപ്പ് അറിയിക്കുകയും ആയത് ബഹു. മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ B1/250/2021/SJD ഫയലിൽ 18.05.2013 തീയതിയിലെ സ.ഉ. (പി) നം. 40/13/സാ.നീ.വ ഉത്തരവ് പ്രകാരം സൃഷ്ടിക്കപ്പെട്ട 2677 സൂപ്പർ ന്യൂമററി തസ്തികകളിൽ നാളിതുവരെയായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര പേർ സേവനത്തിൽ ഉണ്ടെന്നും, റഗുലർ സേവനത്തിലിരിക്കെ ആയതിൽ നിന്നും വിടുതൽ വാങ്ങി സൂപ്പർ ന്യൂമററി തസ്തികകളിലേയ്ക്ക് നിയമിതരായവരുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു വരുന്നു.<br>**(09.04.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 4. | 21 | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും ഭർത്താവ് ഉപേക്ഷിച്ചതും മറ്റ് വരുമാന മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതുമായ സ്ത്രീകളുടെ കുട്ടികളെ കൂടി സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കിവരുന്ന പ്രതിമാസ വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ 'സ്നേഹപൂർവ്വം' പദ്ധതിയുടെ ഗുണഭോക്താക്കളാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ | **<u>സാമൂഹ്യനീതി(സി)വകുപ്പ്</u>**<br>**<u>30.12.2016-ലെ 9030/സി2/2015/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br>ഭർത്താവ് ഉപേക്ഷിച്ച സ്ത്രീകളുടെ കുട്ടികളെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന വനിത ഗൃഹനാഥയായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് അനുവദിക്കുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി |

| | | | |
|---|---|---|---|
| | | ചെയ്യുന്നു. | ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.<br>**(24.04.2018-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 5. | 24 | പോലീസുദ്യോഗസ്ഥർ കുറ്റക്കാരായി വരുന്ന പരാതികളിൽ കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരമായി അന്വേഷണം നടത്തണമെന്നും കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥരെ അവർ പ്രതികളായി ആരോപിക്കപ്പെടുന്ന കേസുകളുടെ അന്വേഷണ ചുമതല ഏൽപ്പിക്കരുതെന്നും കുറ്റാരോപിതരായ ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ അവർ വിരമിക്കുന്നതിന് മുമ്പ്തന്നെ ശിക്ഷാനടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും പ്രസ്തുത നടപടികൾ സമയോചിതമായി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു<br><br>**09.10.2019-ലെ സമിതി യോഗം ആവശ്യപ്പെട്ട അധിക വിവരം.**<br>നിലവിൽ കുറ്റാരോപിതരായി അന്വേഷണം | **ആഭ്യന്തര (ജി) വകുപ്പ്**<br>**(21.06.2019-ലെ ആഭ്യന്തരം ജി3/403/2018-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളോട് പൊതുവായി വളരെ നല്ല രീതിയിൽ പെരുമാറി വരുന്നുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും അഴിമതിയോ നിരുത്തരവാദപരമായ പെരുമാറ്റമോ ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതി ലഭിക്കുമ്പോഴും അവർക്കെതിരായി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോഴും അവരുടെ റാങ്കിന് മുകളിലുള്ള ഉദ്യോഗസ്ഥർ മുഖേന അന്വേഷണം പൂർത്തിയാക്കുവാനും പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. മാത്രമല്ല, കുറ്റാരോപിതരായവരെ അവർ പ്രതിസ്ഥാനത്തുള്ള കേസിന്റെ അന്വേഷണ ചുമതലയിൽ നിന്നും ഒഴിവാക്കുകയും, കൂടാതെ പോലീസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ വിരമിക്കുന്നതിന് മുമ്പ് തന്നെ അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.<br>**(09.10.2019-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധിക വിവരം ആവശ്യപ്പെടുകയും ചെയ്തു)**<br><br>**ആഭ്യന്തര (ജി) വകുപ്പ്**<br>**(01.07.2021-ലെ ആഭ്യന്തരം ജി3/200/2020-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്** |

നേരിടുന്ന എത്ര പോലീസ് ഉദ്യോഗസ്ഥർ ഉണ്ടെന്നും അതിൽ ഗുരുതരമായ ആരോപണം നേരിടുന്ന ഉദ്യോഗസ്ഥർ എത്ര, ആറുമാസത്തിലധികമായി അന്വേഷണം പൂർത്തിയാകാതെ കുറ്റാരോപണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ എത്ര, ശിക്ഷിക്കപ്പെട്ടവർ എത്ര, എന്നീ വിശദാംശങ്ങൾ ആരായുക.

| **അധിക വിവരം** | **SP &above** | **Dc/Dysp/AC** | **CI/RI/API** | **SI/RASI/APASI/ASI(G)** | **ASI/RASI/APASI/ASI(G)** | **SCPO/WSCPO/SCPO(G)** | **CPO/WCPO** | **total** |
|---|---|---|---|---|---|---|---|---|
| നിലവിൽ കുറ്റാരോപിതരായി അന്വേഷണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ എത്ര | 0 | 2 | 14 | 50 | 30 | 106 | 277 | 479 |
| അതിൽ ഗുരുതരമായ കുറ്റാരോപണം നേരിടുന്ന ഉദ്യോഗസ്ഥർ എത്ര | 0 | 1 | 3 | 8 | 5 | 15 | 34 | 66 |
| ആറുമാസത്തിലധികമായി | 0 | 0 | 5 | 13 | 6 | 18 | 29 | 71 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>അന്വേഷണം പൂർത്തിയാകാതെ കുറ്റാരോപണം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥർ എത്ര</td><td></td><td></td><td></td><td></td><td></td><td></td><td></td><td></td></tr>
<tr><td>ശിക്ഷിക്കപ്പെട്ടവർ എത്ര</td><td>0</td><td>0</td><td>0</td><td>3</td><td>0</td><td>8</td><td>22</td><td>33</td></tr>
</table>
(25.09.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
<tr>
<td>6.</td>
<td>25</td>
<td>പടിക്കെട്ടുള്ള എല്ലാ ബഹുനില ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും കൈവരിയില്ലാത്ത പടിക്കെട്ടുകൾക്ക് ഒരു വശത്തെങ്കിലും കൈവരി നിർബന്ധമാക്കണമെന്നും ലിഫ്റ്റ് സൗകര്യം ഇല്ലാത്ത ഇത്തരം സ്ഥലങ്ങളിൽ ചെലവു കുറഞ്ഞതും അംഗപരിമിതർക്ക് സൗകര്യപ്രദവുമായ റാംപുകൾ കൂടി നിർമ്മിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</td>
<td><u>വിജിലൻസ്(ഇ) വകുപ്പ്<br>18.09.2015-ലെ 7302/ഇ 3/2015/വിജി നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u><br><br>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റ് ഓഫീസിൽ ഭിന്നശേഷിയുള്ളവർക്ക് സഹായകമായി പ്രയാസമില്ലാതെ സഞ്ചരിക്കുന്നതിനായി പടിക്കെട്ടുകൾക്ക് കൈവരിയും, ലിഫ്റ്റ് സൗകര്യവും, കൂടാതെ സൗകര്യപ്രദമായ റാംപുകളും നിർമ്മിച്ചിട്ടുണ്ട്.<br><br>(18.11.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)<br><br><u>സാമൂഹ്യനീതി (ബി) വകുപ്പ്</u></td>
</tr>
</table>

| | | | |
|---|---|---|---|
| | | | **27.06.2023-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹ്യ മുന്നേറ്റം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും സർക്കാർ ഓഫീസുകളും ഉൾപ്പെടെ എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് 2016-ലെ ഭിന്നശേഷി അവകാശ നിയമം വിവക്ഷിക്കുന്നു.<br><br>ഇതിലേക്കായി കേന്ദ്ര സർക്കാർ പദ്ധതിയായ ആക്സസിബിൾ ഇന്ത്യ കാമ്പയിൻ, സംസ്ഥാന സർക്കാർ പദ്ധതിയായ ബാരിയർ ഫ്രീ കേരള പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നുണ്ട്.<br>ടി പദ്ധതികൾ പ്രകാരം പൊതു കെട്ടിടങ്ങളിൽ റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശുചി മുറികൾ, ബ്രയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ എന്നിവ നിർമ്മിച്ച് വരുന്നു.<br>കൂടാതെ സംസ്ഥാനത്തെ പൊതു ഗതാഗതം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യനീതി വകപ്പിനും ബന്ധപ്പെട്ട വകുപ്പുകൾക്കും നിർദേശം നൽകി 30.01.2019-സ.ഉ.(ആർ.റ്റി) 54/2019/സാനിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. **(19.10.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 7. | 26 | വിവാഹബന്ധം വേർപെടുത്തി മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്ന | **ധനകാര്യ (പെൻഷൻ -എ) വകുപ്പ്**<br>**01.06.2020-ലെ 1455309/പെൻ-** |

| | | | |
|---|---|---|---|
| | | സ്ത്രീകൾക്ക്, മാതാപിതാക്കളുടെ കാലശേഷം, അവർ പുനർവിവാഹിതരാകുന്നതുവരെ മാതാപിതാക്കളുടെ കുടുംബപെൻഷൻ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>എ 3/2020/ധന നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>കെ.എസ്.ആർ ഭാഗം III 90(6) പ്രകാരം ( (amended vide G.O.(P) No.18/2019/Fin dated 20.02.2019) താഴെ പറയുന്ന വിഭാഗങ്ങൾക്കാണ് നിലവിൽ കുടുംബ പെൻഷൻ അനുവദിച്ചു വരുന്നത്.<br><br>(a)Wife in the case of a male employee<br><br>(b) Husband in the case of a female employee<br><br>(c) Eldest eligible child (in the Order of Seniority) till marriage or till attaining the age of 25 years or gets employment whichever is earlier<br><br>(d)Children suffering from physical/mental disorder or disability<br><br>(e)Unmarried daughters above 25 years.<br><br>(f) Son/daughter adopted legally before retirement<br><br>(g) Parents (in equal shares)<br><br>(h) Judicially separated wife<br><br>(i) Judicially separated husband<br>വിവാഹ ബന്ധം വേർപെടുത്തി കഴിയുന്നവർക്ക് കുടുംബപെൻഷൻ അനുവദിക്കുന്നത് പരിഗണിക്കുന്ന പക്ഷം വിധവകൾ, രോഗം മൂലം അവശത അനുഭവിക്കുന്നവർ തുടങ്ങി പല കോണുകളിൽ നിന്നും സമാന ആവശ്യം |

| | | | |
|---|---|---|---|
| | | | ഉന്നയിക്കാൻ ഇടയാകുമെന്നും പെൻഷൻ ബാദ്ധ്യത ശമ്പള ബാദ്ധ്യതയെ അധികരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് 01.04.2013– ന ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ സാഹചര്യത്തിൽ നിലവിൽ ചട്ട പ്രകാരം കുടുംബപെൻഷൻ അനുവദിക്കുന്ന വിഭാഗത്തിൽ കൂടുതൽ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്നത് സർക്കാരിനു അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്നതിനാൽ സർക്കാർ ഈ വിഷയം മുൻപ് വിശദമായി പരിശോധിക്കുകയും അനുകൂലമായി പരിഗണിക്കാൻ കഴിയില്ലായെന്ന് വിലയിരുത്തിയിട്ടുമുള്ളതാണ്.<br><br>ആയതിനാൽ വിവാഹബന്ധം വേർപെടുത്തി മാതാപിതാക്കളുടെ സംരക്ഷണയിൽ കഴിയുന്ന സ്ത്രീകൾക്ക്, മാതാപിതാക്കളുടെ കാലശേഷം, അവർ പുനർവിവാഹിതരാകുന്നതുവരെ മാതാപിതാക്കളുടെ കുടുംബ പെൻഷൻ അനുവദിക്കണമെന്ന സമിതിയുടെ ശിപാർശ നടപ്പിലാക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുന്നു.<br>**(17.12.2020–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 8. | 28 | പി.എസ്.സി. പരീക്ഷയുടെ ഭാഗമായി നടത്തുന്ന പ്രായോഗിക പരീക്ഷയായ സൈക്ലിംഗ് ടെസ്റ്റ് കാലഹരണപ്പെട്ട രീതിയായതിനാൽ, പി.എസ്.സി. നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷകളിൽ നിന്നും സൈക്ലിംഗ് ടെസ്റ്റ് ഒഴിവാക്കി ആവശ്യമെങ്കിൽ ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള പ്രായോഗികക്ഷമതാ നിർണ്ണയം ഉൾപ്പെടുത്തണമെന്നും വികലാംഗർക്ക് ആയത് | **ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**<br>**(29.04.2019–ലെ റൂൾസ്–3/425/201//ഉഭപവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമ പ്രൊജക്ഷൻ തുടങ്ങിയ കാലാഹരണപ്പെട്ട രീതിയിലുള്ള പ്രായോഗിക പരീക്ഷ രീതികൾ വിശേഷാൽ ചട്ടങ്ങളിൽ |

| | | | |
|---|---|---|---|
| | | സൈഡ് വിൽ ഘടിപ്പിച്ച വാഹനം എന്ന് വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | നിഷ്കർഷിച്ചിട്ടുള്ളതിനാൽ പല തസ്തികകളിലും തെരെഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ട് അത്തരം കാലഹരണപ്പെട്ട പരീക്ഷാരീതികൾ ഒഴിവാക്കിക്കൊണ്ടോ അല്ലെങ്കിൽ തസ്തികകളുടെ ടി യോഗ്യത കാലോചിതമായി പരിഷ്കരിക്കുന്നതിനോ ആവശ്യമായ തരത്തിൽ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശം കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കുവാനാണ് പി.എസ്.സി. നിർദ്ദേശിച്ചിരുന്നത്. പി.എസ്.സി-യുടെ മേൽ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ 11884/R1/2007/P&ARD Dated 19.07.2010 എന്ന സർക്കുലറിന്റെ വ്യവസ്ഥകൾക്കനുസൃതമായി വകുപ്പുകൾ/സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനും കരട് ഭേദഗതി നിർദ്ദേശം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കുന്നതിനും ഉള്ള നിർദ്ദേശം എല്ലാ ജില്ലാ വകുപ്പുകൾക്കും നല്കിക്കൊണ്ട് 06.04.2019 തീയതിയായി റൂൾസ്-3/425/2018-പി&എ.ആർ.ഡി നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. **(09.10.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>**<u>സാമൂഹ്യനീതി(ബി)വകുപ്പ്</u>**<br>**<u>28.05.2024-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br>പി.എസ്.സി. നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷകളിൽനിന്ന് സൈക്ലിംഗ് ടെസ്റ്റ് ഒഴിവാക്കി ആവശ്യമെങ്കിൽ ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രായോഗികക്ഷമതാ നിർണ്ണയം ഉൾപ്പെടുത്തണമെന്നും വികലാംഗർക്ക് സൈഡ് വീൽ ഘടിപ്പിച്ച വാഹനം എന്ന് വ്യവസ്ഥ ചെയ്യണമെന്ന സമിതിയുടെ ശിപാർശയിന്മേൽ സമിതിക്ക് നേരിട്ട് മറുപടി നൽകണമെന്ന് പി.എസ്.സി. സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട് . **(09.04.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 9. | 29 | ബ്ലേഡ് മാഫിയയുടെ അതിക്രമങ്ങൾക്ക് കൂടുതൽ ഇരയാകുന്നത് സ്ത്രീകളും കുട്ടികളുമാണെന്നും, ബ്ലേഡ് മാഫിയ സംഘങ്ങളെ നിയന്ത്രിക്കുന്നതിലേക്കായി കേരള സർക്കാർ ആരംഭിച്ച ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് അനധികൃത പലിശക്കാർക്കെതിരെയും ഇവരുടെ അതിക്രമങ്ങൾക്കെതിരെയും രജിസ്റ്റർ ചെയ്തിട്ടുള്ള പരാതികളിലും പ്രതികളെ സംരക്ഷിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ ശ്രമിക്കുന്ന സംഭവങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, ബ്ലേഡ് മാഫിയയെ സംരക്ഷിക്കാൻ ശ്രമിക്കുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | **<u>ആഭ്യന്തര (എം) വകുപ്പ് (29.07.2019-ലെ ആഭ്യന്തരം എം2/57/2019-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>** ഓപ്പറേഷൻ കുബേരയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസുകളിലും സമയബന്ധിതമായി പോലീസ് അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഉത്തരവാദികൾക്കെതിരെ കർശന നടപടികളും സ്വീകരിച്ചുവരുന്നുമുണ്ട്. ബ്ലേഡ് മാഫിയയെ സംരക്ഷിക്കാൻ പോലീസ് ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അത്തരക്കാർക്കെതിരെ കർശനമായ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണെന്നും, ആയത് സംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുള്ളതായും സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **(09.10.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

## ഭാഗം II

## സമിതിയുടെ ശിപാർശ, സമിതി ആവശ്യപ്പെട്ട അധികവിവരം, എന്നിവയിന്മേൽ നടപടി റിപ്പോർട്ട് ലഭിക്കാനുള്ളവ സംബന്ധിച്ച വിശദാംശം

| ക്രമ നം. | ഖണ്ഡിക നമ്പർ | ശിപാർശ | 1. സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | 22 | സാമൂഹ്യ പ്രതിബദ്ധത പരിഗണിച്ച് കാരുണ്യനിക്ഷേപ പദ്ധതിയിലെ നിക്ഷേപകർക്ക് ആകർഷകമായ ആദായ നികുതിയിളവ് അനുവദിക്കണമെന്ന നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ആയത് നടപ്പാക്കിയെടുക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കൂടാതെ സ്വദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി പദ്ധതി സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴി മതിയായ പ്രചാരണം നൽകണമെന്നും പ്രവാസികളിൽ നിന്നും കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിലേക്കായി നോർക്ക വകുപ്പുവഴി അവർക്കിടയിൽ പദ്ധതിയെ സംബന്ധിച്ച അവബോധം സൃഷ്ടിക്കണമെന്നും പദ്ധതിയുടെ ഗുണഭോക്താക്കളായി 18 വയസ്സിന് മുകളിലുള്ള ബുദ്ധിമാന്ദ്യമുള്ളവരെക്കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്**</u><br><u>**09.01.2017-ലെ 13177/ഇ 3/2015/ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്**</u>.<br>22-ാം ഖണ്ഡികയിലെ സമിതിയുടെ ശിപാർശയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ട വിഷയം കാരുണ്യ നിക്ഷേപ പദ്ധതി സംബന്ധിച്ച് സ്വദേശനിക്ഷേപകരെ ആകർഷിക്കുന്നതിനായി പത്ര- ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പ്രചാരണം നൽകണമെന്നതാണ്.<br>ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിൽ നിന്നും അറിയിപ്പോ മറ്റ് വിവരങ്ങളോ നാളിതുവരെ ലഭിച്ചിട്ടില്ല. ടി വകുപ്പിൽ നിന്നും അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.<br>**(17.10.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br>പ്രസ്തുത ശിപാർശയിന്മേൽ സാമൂഹ്യനീതി വകുപ്പ് റിപ്പോർട്ട് ലഭ്യമാകാത്തതിനെ തുടർന്ന് 29.05.2024-ലെ തെളിവെടുപ്പ് യോഗത്തിൽ വിഷയം ഉൾപ്പെടുത്തിയെങ്കിലും സാമൂഹ്യനീതി വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല. 29.05.2024- |

| | | | |
|---|---|---|---|
| | | **<u>29.05.2024-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞ അധികവിവരം</u>**<br>കാരുണ്യ നിക്ഷേപ പദ്ധതി ഇപ്പോൾ നിലവിലില്ലെങ്കിൽ അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ഉടൻ ലഭ്യമാക്കുക. | ലെ തെളിവെടുപ്പ് യോഗത്തിൽ പ്രസ്തുത വിഷയം സമിതി പരിഗണിക്കുകയും ശിപാർശയിന്മേലുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സാമൂഹ്യനീതി വകുപ്പിനോട് നിർദ്ദേശിക്കുകയും കൂടാതെ അധിക വിവരം ആരായുകയും ചെയ്തു. (പ്രസ്തുത റിപ്പോർട്ട് 30.5.2024-ന് 28.05.2024-ലെബി2/92/2002/സാനിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കി )<br><br>**<u>സാമൂഹ്യനീതി(ബി)വകുപ്പ് 28.05.2024-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>കാരുണ്യ നിക്ഷേപപദ്ധതി പ്രകാരം സന്നദ്ധവ്യക്തികൾ/സ്ഥാപനങ്ങൾ നിക്ഷേപിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ ഒരു വർഷത്തെ പലിശയും തത്തുല്യമായ സർക്കാർ വിഹിതവും **ചേർ**ത്തുള്ള തുകയാണ് അർഹരായ ഗുണഭോക്താക്കൾക്ക് നൽകുന്നത്. അനാഥ മന്ദിരങ്ങളിലോ/ സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലോ കഴിയുന്ന 5-നും 18-നും ഇടയിൽ പ്രായമുള്ള ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. എന്നാൽ, ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭ്യമായിട്ടില്ല.<br><br>മേൽ സാഹചര്യത്തിൽ, വീടുകളിൽ കഴിയുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുട്ടികളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനായി മാനദണ്ഡം പരിഷ്കരിക്കുന്നതിനും, കാരുണ്യ നിക്ഷേപപദ്ധതി നിക്ഷേപകർക്ക് ആദായ |

| | | | |
|---|---|---|---|
| | | | നികുതിയിളവ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച്, അത് നടപ്പിലാക്കിയെടുക്കുന്നതിന് പ്രഥമ പരിഗണന നൽകണമെന്നും, സ്വദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി പ്രസ്തുത പദ്ധതി സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി ആവശ്യമായ പ്രചാരണം നൽകണമെന്നും, പ്രവാസികളിൽനിന്ന് കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനായ് നോർക്ക വകുപ്പുവഴി പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്താക്കളായി 18 വയസ്സിനു മുകളിലുള്ള ബുദ്ധമാന്ദ്യമുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതു സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷ മിഷൻ മുഖാന്തരം നടപടി സ്വീകരിക്കുന്നതാണ്. കാരുണ്യ നിക്ഷേപ പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങൾ 31/03/2008 ജി.ഒ. (എം.എസ്) 23/2008/സാ.ക്ഷേ.വ. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളതാണ്.<br>**(09.04.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>സാമൂഹ്യനീതി(ബി)വകുപ്പ് 03.06.2024-ലെ ബി2/92/2022/സാനിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>സർക്കാർ നടപ്പിലാക്കിയ കാരുണ്യ നിക്ഷേപപദ്ധതിയും,ടി.എസ്.ബി.യിൽ നിക്ഷേപിച്ചിരുന്ന 10 ലക്ഷം രൂപയും സാമൂഹ്യസുരക്ഷാ മിഷന് കൈമാറിയിരുന്നു. സന്നദ്ധവ്യക്തികൾ/ സ്ഥാപനങ്ങൾ നിക്ഷേപിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ ഒരു വർഷത്തിന്റെ പലിശയും അതിനുതുല്യമായ സർക്കാർവിഹിതവും (10 ലക്ഷം രൂപയിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള തുക) ചേർത്തുള്ള തുകയാണ് അർഹമായ ഗുണഭോക്താക്കൾക്ക് നൽകുന്നത്. ഗുണഭോക്താവ് ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന 5-നും 18-നും പ്രായമുള്ള അനാഥമന്ദിരങ്ങളിലോ/സർക്കാർ ക്ഷേമസ്ഥാപനങ്ങളിലോ കഴിയുന്ന കുട്ടികൾക്കും, സാമൂഹ്യക്ഷേമവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളായ കുട്ടികൾക്കും മുൻകാലങ്ങളിൽ പദ്ധതിയിലെ ആനുകൂല്യങ്ങൾ നൽകിയിരുന്നു.<br><br>ധനസഹായം അനുവദിക്കാവുന്ന തുക വർദ്ധിക്കുകയും കാരുണ്യനിക്ഷേപ പദ്ധതി പ്രകാരം തുക നിക്ഷേപിച്ചിരിക്കുന്ന വ്യക്തികൾ അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാത്തതിൽ അതൃപ്തി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം അനുവദിക്കുന്നതിനായി വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അർഹരായ കുട്ടികളുടെ വിശദാംശം അടിയന്തരമായി അറിയിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. നിരന്തരമായ അന്വേഷണങ്ങൾക്ക് ശേഷവും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചിട്ടില്ല.<br><br>ഗുണഭോക്താക്കളെ കണ്ടെത്തിയാൽ ഉടനടി ധനസഹായം അനുവദിക്കാൻ സാധിക്കുന്നതും പദ്ധതി നിർത്തലാക്കിയിട്ടില്ല എന്ന വിവരം കൂടി സമിതിയെ അറിയിക്കുന്നു. |
| | | **(09.04.2025-ൽ സമിതി ആരാഞ്ഞ അധിക വിവരം)** | **(09.04.2025-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധികവിവരം** |

| | | | |
|---|---|---|---|
| | | അനാഥമന്ദിരങ്ങളിലോ/സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലോ കഴിയുന്ന 5 നും 18 നും ഇടയിൽ പ്രായമുള്ള ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ വീടുകളിൽ കഴിയുന്ന BPL വിഭാഗത്തിൽപ്പെട്ട ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെക്കൂടി കാരുണ്യ നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി മാനദണ്ഡം പരിഷ്കരിക്കുന്നതിനും പദ്ധതിയുടെ ഗുണഭോക്താക്കളായി 18 വയസ്സിന് മുകളിലുള്ള ബുദ്ധിമാന്ദ്യമുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖാന്തരം സ്വീകരിക്കുന്ന നടപടികൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>കാരുണ്യ നിക്ഷേപ പദ്ധതിയിലെ നിക്ഷേപകർക്ക് ആദായ നികുതി ഇളവ് കേന്ദ്രസർക്കാരിൽ നിന്ന് നേടിയെടുക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്നും ടി പദ്ധതിയിലേക്ക് നിക്ഷേപം ആകർഷിക്കുന്നതിനായി പത്ര ദൃശ്യ മാധ്യമങ്ങളുടെയും നോർക്ക വഴിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **ആരായുകയും ചെയ്യു.)**<br><br>**<u>സാമൂഹ്യനീതി(ബി)വകുപ്പ്</u>**<br>അധികവിവര റിപ്പോർട്ട് ലഭ്യമായില്ല. |
| 2. | 23. | സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അധ്യാപക/ അനധ്യാപക ജീവനക്കാരുടെ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ, തൊഴിൽ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിലേക്കായി നിലവിലുള്ള വിദ്യാഭ്യാസ നിയമങ്ങളുടെ | **<u>തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്</u>**<br>**<u>18.12.2015-ലെ 13864/ഇ 1/2015/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>** |

| | | | |
|---|---|---|---|
| | | പരിധിയിൽപ്പെടാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി നിലവിലുള്ള തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വിദ്യാഭ്യാസ വകുപ്പുമായി കൂടിയാലോചിച്ച് നിയമ ഭേദഗതി ഉൾപ്പെടെയുള്ള തീരുമാനമെടുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ജീവനക്കാരോട് അന്യായമായി പെരുമാറുന്നതും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് അവരെ പിരിച്ചുവിടുന്നതുമായ പ്രവണത ഇത്തരം സ്കൂളുകളിൽ വർദ്ധിച്ചുവരുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഇത്തരം സ്കൂളുകളിൽ ഓരോന്നിലും പൊതുവിദ്യാഭ്യാസ വകുപ്പ്, തൊഴിലും നൈപുണ്യവും വകുപ്പ്, സ്കൂൾ മാനേജ്മെന്റ്, പി.ടി.എ., അധ്യാപകർ, സ്കൂൾ പ്രിൻസിപ്പൽ/ ഹെഡ്മാസ്റ്റർ, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവരുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പരാതി പരിഹാര വിഭാഗം രൂപീകരിക്കണമെന്നും അത്തരം ഫോറങ്ങളിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിലയിരുത്തി പരാതിയിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യമാകുന്ന പക്ഷം സ്കൂളിന്റെ നിരാക്ഷേപപത്രം (എൻ.ഒ.സി.) റദ്ദ് ചെയ്യുന്നതിനായി നിയമത്തിൽ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | സർക്കാർ അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ, തൊഴിൽ ഉറപ്പാക്കുന്നതിലേയ്ക്കായി തൊഴിൽ വകുപ്പ് തയ്യാറാക്കിയ The Kerala Payment of Minimum Wages to Teachers of Un-aided Educational Institutions Bill, 2014' എന്ന ബില്ലിന്റെ കരട് നിയമ വകുപ്പുമായി കൂടിയാലോചിക്കുകയും ടി വിഷയം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്നതാണെന്ന് കണ്ടതിന്റെയടിസ്ഥാനത്തിൽ ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിന് കൈമാറിയിട്ടുള്ളതുമാകുന്നു.<br>നിലവിൽ പ്രസ്തുത ബില്ലിലെ 6-ാം ഭാഗത്തായി അദ്ധ്യാപക/ അനദ്ധ്യാപക മേഖലയിലെ ജീവനക്കാരേയും വിദ്യാഭ്യാസ സ്ഥാപന ഉടമകളേയും ഉൾപ്പെടുത്തി ഒരു വ്യവസായബന്ധ സമിതിയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ജോലി സമയം സംബന്ധിച്ചും അധിക സമയ ജോലി സംബന്ധിച്ചും വ്യക്തമായ വ്യവസ്ഥകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. എന്നാൽ സമിതി ശിപാർശ ചെയ്ത പ്രകാരം സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കുന്ന വിഷയം പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അധികാരപരിധിയിൽ<br>വരുന്നതിനാൽ മുകളിൽ സൂചിപ്പിച്ച കരട് ബില്ലിൽ സമിതി ശുപാർശ ചെയ്തത് പ്രകാരമുള്ള വ്യവസ്ഥ |

| | | | |
|---|---|---|---|
| | | **(07.09.2016-ൽ സമിതി ആരാഞ്ഞ അധിക വിവരം)**<br>വിദ്യാഭ്യാസ വകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാത്ത സർക്കാർ അംഗീകൃത സ്കൂളുകൾക്കെതിരെയുള്ള പരാതികൾ പരിശോധനയിൽ നിലനിൽക്കുന്ന പക്ഷം സ്കൂളിന്റെ നിരാക്ഷേപപത്രം റദ്ദ് ചെയ്യുന്നതിനുള്ള നിയമവ്യവസ്ഥ The Kerala Payment of Minimum Wages to Teachers of Un-aided Educational Institutions Bill, 2014' ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പും ബില്ലിന്റെ ഇപ്പോഴത്തെ സംബന്ധിച്ച് തൊഴിലും നൈപുണ്യവും വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കുക.<br><br>(29.12.2026-ലെ 13864/ഇ 1/2015/തൊഴിൽ നമ്പർ കത്ത് മുഖേന സമിതി ആവശ്യപ്പെട്ട അധിക വിവരം പൊതുവിദ്യാഭ്യാസ (എൻ) വകുപ്പിലാണ് കൈകാര്യം ചെയ്ത് വരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.) | ഉൾപ്പെടുത്തിയിട്ടില്ല<br>**(07.09.2016-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)**<br><br>**<u>പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്</u>**<br><br>07.09.2016-ലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.11.2016-ന് കത്തും നിരവധി ഓർമ്മക്കുറിപ്പുകളും അയച്ചിട്ടും പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ് സമിതി ആവശ്യപ്പെട്ട അധിക വിവരം ലഭ്യമാക്കാത്തതിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |

തിരുവനന്തപുരം
2026 ജനുവരി 29

**യു. പ്രതിഭ**
അദ്ധ്യക്ഷ
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി

-522- അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ
## ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

നം. റൂൾസ്-3/425/2018/ഉ.ഭ.പ.വ.

തിരുവനന്തപുരം,
തീയതി: 06/04/2019.

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമാ പ്രൊജക്ഷൻ തുടങ്ങിയ യോഗ്യതകൾ - കാലഹരണപ്പെട്ട രീതിയിലുള്ള പ്രായോഗിക പരീക്ഷാ രീതികൾ ഒഴിവാക്കുന്നത്/ പരിഷ്കരിക്കുന്നത് - വിശേഷാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. 19/07/2010-ലെ 11884/R1/2007/P&ARD നമ്പർ സർക്കുലർ.
2. കേരള പി.എസ്.സി.യുടെ 18/02/2019-ലെ AV (1) 4352/15/ഗവ. നമ്പർ കത്ത്.

**********************

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയുടെ ഭാഗമായുള്ള സൈക്ലിംഗ് ടെസ്റ്റ് കാലഹരണപ്പെട്ട രീതിയായതിനാൽ, പി.എസ്.സി. നടത്തുന്ന യോഗ്യതാ നിർണ്ണയ പരീക്ഷകളിൽ നിന്നും സൈക്ലിംഗ് ടെസ്റ്റ് ഒഴിവാക്കി ആവശ്യമെങ്കിൽ ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള പ്രായോഗികക്ഷമതാ നിർണ്ണയം ഉൾപ്പെടുത്തണമെന്നും വികലാംഗർക്ക് ആയത് സൈഡ് വീൽ ഘടിപ്പിച്ച വാഹനം എന്ന് വ്യവസ്ഥ ചെയ്യണമെന്നും സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-14)-യുടെ ഏഴാമത്തെ റിപ്പോർട്ടിലെ 28-ാം ഖണ്ഡികയിൽ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന തെരെഞ്ഞെടുപ്പ് നടത്തുന്ന തസ്തികകളിലേക്ക് സൈക്ലിംഗ്, ഫോട്ടോഗ്രാഫി, സിനിമാ പ്രൊജക്ഷൻ എന്നിവയിലുള്ള കാലഹരണപ്പെട്ട തരത്തിലുള്ള പ്രായോഗിക പരീക്ഷാരീതികൾ വിശേഷാൽ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ളതുകൊണ്ട് പല തസ്തികകളിലും തെരെഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നും ആകയാൽ അത്തരത്തിലുള്ള

കാലഹരണപ്പെട്ട പ്രായോഗിക പരീക്ഷ ഒഴിവാക്കിക്കൊണ്ടോ അല്ലെങ്കിൽ അവ അനിവാര്യമാണെന്ന് കരുതുന്ന പക്ഷം വിശേഷാൽ ചട്ടങ്ങൾ കാലോചിതമായി പരിഷ്കരിച്ചുകൊണ്ടോ ഉള്ള കരട് ഭേദഗതി നിർദ്ദേശം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കുവാൻ സൂചന (2) പ്രകാരം കമ്മീഷൻ അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച തസ്തികകൾ വിവിധ സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിലായാണ് നിലവിലുള്ളത്. ആകയാൽ ടി തസ്തികകൾക്കായി നിശ്ചയിച്ചിട്ടുള്ള യോഗ്യതകളിന്മേലുള്ള ഭേദഗതി വരുത്തേണ്ടത് അതത് വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ടങ്ങളിലാണ്.

മേൽ സാഹചര്യത്തിൽ, സൂചന (1) സർക്കുലറിലെ വ്യവസ്ഥകൾക്കനുസൃതമായി വകുപ്പുകളിലെ/സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതും കരട് ഭേദഗതി നിർദ്ദേശം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി താമസംവിനാ കമ്മീഷന് നൽകേണ്ടതുമാണ് എന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നു.

**കെ. ഗോപാലകൃഷ്ണ ഭട്ട്,**
**സെക്രട്ടറി.**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽസെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും /അണ്ടർ സെക്രട്ടറിമാർക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/
എല്ലാ സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.